**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1399** **11.08.2017 ൽ മറുപടിയ്ക്ക്**

**"പച്ചക്കറി വിലവർദ്ധന നിയന്ത്രിക്കുന്നതിനുള്ള നടപടികൾ"**

| ചോദ്യം<br>ശ്രീ. മുല്ലക്കര രത്നാകരൻ | ഉത്തരം<br>ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) ഓണക്കാലത്തോടനുബന്ധിച്ച് സംസ്ഥാനത്ത് പച്ചക്കറി വിലവർദ്ധന നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ? | എ) ഓണക്കാലത്തോടനുബന്ധിച്ച് സംസ്ഥാനത്ത് പച്ചക്കറി വിലവർദ്ധന നിയന്ത്രിക്കുന്നതിനായി ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവയുടെ സഹകരണത്തോടെ കൃഷിവകുപ്പ് ഓണസമൃദ്ധി 2017 എന്ന പദ്ധതി നടപ്പാക്കുന്നുണ്ട്.<br>ഈ പദ്ധതിയിലൂടെ കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോത്പന്നങ്ങൾക്ക് കമ്പോള വിലയേക്കാൾ 10% അധിക വില നൽകി കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ച് കമ്പോളവിലയേക്കാൾ 30% കുറച്ച് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് പഴം പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി 1500 ഓളം സ്റ്റാളുകൾ സംസ്ഥാനത്തുടനീളം കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇത് കൂടാതെ കുടുംബശ്രീ, സഹകരണ സംഘങ്ങൾ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർഫെഡ് എന്നിവയുടെ ആഭിമുഖ്യത്തിലുള്ള ഓണം മാർക്കറ്റുകൾ വഴിയും പച്ചക്കറികൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുണ്ട്.<br>ഇതിനു പുറമേ ഈ ഓണക്കാലത്ത് 'ഓണത്തിനൊരു മുറം പച്ചക്കറി' എന്ന പദ്ധതി പ്രകാരം 63 ലക്ഷം കുടുംബങ്ങൾ വഴി നടപ്പിലാക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്. |

Deepthi

**സെക്ഷൻ ഓഫീസർ**